**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2483** **12-02-2024 - ൽ മറുപടിയ്ക്ക്**

**ശൂരനാട് വടക്ക് ഗ്രാമപഞ്ചായത്തിലെ റവന്യൂ റിക്കവറി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പി എസ് സുപാൽ** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി കൊല്ലം ജില്ലയിലെ ശൂരനാട് വടക്ക് ഗ്രാമപഞ്ചായത്തിലെ 15-ാം വാർഡിൽ പാറ്റരേത്ത് കോളനി റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട ബെനിഫിഷ്യറി കമ്മിറ്റിയിൽ ഉൾപ്പെട്ട 9 പേരുടെ പേരിലുള്ള വസ്തുക്കളിന്മേൽ റവന്യൂ റിക്കവറി നടപടികൾ തുടരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. പ്രസ്തുത റവന്യൂ റിക്കവറിയിൽ നിന്നും തങ്ങളെ ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടു കൊല്ലം ജില്ലാ കളക്ടർ, സൂരനാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി എന്നിവർക്ക് ബെനിഫിഷ്യറി കമ്മിറ്റി അംഗങ്ങൾ നിവേദനം സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത റോഡിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടും ഇരുപത് വർഷത്തിന് മുമ്പ് നടന്ന പ്രവൃത്തിയുടെ ബെനിഫിഷ്യറി കമ്മിറ്റിയിൽ ഉൾപ്പെട്ടവരുടെ ഭൂമി ക്രയം ചെയ്യുന്നതിനോ വീട് വയ്ക്കുന്നതിനോ കഴിയാനാകാത്ത സാഹചര്യത്തിൽ റവന്യൂ റിക്കവറി നടപടികൾ ഒഴിവാക്കുമോ; വിശദമാക്കുമോ; | (ബി) | 23.12.2023-ൽ നടന്ന ശൂരനാട് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ സാധാരണ യോഗതീരുമാനം 6(1) പ്രകാരം പാവപ്പെട്ടവരായ റോഡ് ബെനിഫിഷ്യറി കമ്മിറ്റി അംഗങ്ങൾക്ക്, ടി പ്രവൃത്തിയുടെ പേരിൽ, നിലവിലുള്ള റവന്യൂ റിക്കവറി നടപടിക്രമങ്ങൾ ഒഴിവാക്കുന്നതിനുള്ള നടപടികൾ പഞ്ചായത്ത് തലത്തിൽ സ്വീകരിച്ചു വരുന്നതായി തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ അറിയിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത വിഷയം സംബന്ധിച്ച് നവകേരള സദസിൽ സമർപ്പിച്ച അപേക്ഷയിന്മേൽ എന്ത് തീരുമാനമെടുത്തുവെന്ന് വിശദമാക്കുമോ? | (സി) | ശൂരനാട് സൗത്ത് ഗ്രാമപഞ്ചായത്തിൽ നിന്നും നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ